**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 624** **13-10-2026-ൽ മറുപടിയ്ക്ക്**

**പശ്ചിമഘട്ട പരിസ്ഥിതിലോല മേഖല**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** പശ്ചിമഘട്ട പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിന് സംസ്ഥാന സർക്കാർ നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖല (ഇ.എസ്.എ.) വനഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

**മറുപടി:** കേന്ദ്ര സർക്കാർ 27.07.2026-ന് പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തോട് പ്രതികരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ, കേന്ദ്രത്തിന് 24.09.2026-ൽ സമർപ്പിച്ച പരിഷ്കരിച്ച നിർദ്ദേശത്തിൽ ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടം മേഖലകൾ തുടങ്ങിയവ ESA-യിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കാര്യകാരണങ്ങളും സ്ഥിതിവിവരകണക്കുകളും സഹിതം കൃത്യമായി നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര കരട് വിജ്ഞാപനത്തിൽ ESA ആയി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 131 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്റർ പ്രദേശം എന്നുള്ളത് 98 വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ പ്രദേശം എന്നായി ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് പരിഷ്കരിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. 33 വില്ലേജുകള പൂർണമായും ESA യിൽ നിന്നും ഒഴിവാക്കണമെന്നും അതുപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

**(ബി)** ഇ.എസ്.എ.യ്ക്കുള്ളിൽ ജനവാസമേഖല ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുമോ; ഇത് ഒഴിവാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 2026-ലെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 131 വില്ലേജുകളുടെ ആകെ വിസ്തീർണ്ണം എത്രയാണ്; പ്രസ്തുത വില്ലേജുകളിൽ ഉൾപ്പെടുന്ന മൊത്തം വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

**മറുപടി:** KSREC-യിൽ നിന്നും ലഭ്യമായ റവന്യൂ രേഖകൾ പ്രകാരം, കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട 131 വില്ലേജുകളുടെ അകെ വിസ്തീർണം 11822.1417 ച.കി.മി. ആണ്. ടി വില്ലേജുകളിലെ ഒറ്റപ്പെട്ട ചെറുതും, വലുതുമായ വനപ്രദേശങ്ങൾ സംസ്ഥാനത്തിന്റെ നിർദിഷ്ട ESA പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, കൃത്യമായ വനത്തിന്റെ വിസ്തൃതി ലഭ്യമല്ല. കൂടാതെ, ജലാശയങ്ങളും,

ഡാമുകളും, നിർദിഷ്ട ESA പ്രൊപ്പോസലിൽ ഉൾപെട്ടുവരുന്നതിനാൽ, വനത്തിന്റെ കൃത്യമായ വിസ്തൃതി കണക്കാക്കുന്നതിൽ സാങ്കേതികമായ ചില ബുദ്ധിമുട്ടുകളുണ്ട്.

**(ഡി)** സംസ്ഥാന സർക്കാർ നൽകിയ ഏഴാമത്തെ കരട് വിജ്ഞാപനത്തിന് നൽകിയ മറുപടിയിൽ ഉൾപ്പെടുന്ന, ഇ.എസ്.എ.-കളുടെ പരിധിയിൽ വരുന്ന ആകെ വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

**<u>മറുപടി:</u>** സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച നിർദ്ദേശത്തിൽ 98 വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ESA ആയി നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ജലാശയങ്ങൾ, അണക്കെട്ടുകൾ എന്നിവയെല്ലാം ഉൾപ്പെടുന്നതിനാൽ വനഭൂമിയുടെ ആകെ വിസ്തൃതി പ്രത്യേകം സ്ഥിരീകരിച്ച കണക്കായി ലഭ്യമല്ല.

**(ഇ)** കാർഡമം ഹിൽ റിസർവിന്റെ (സി.എച്ച്.ആർ.) പദവി സംബന്ധിച്ച നിലപാട് എന്താണ്; സി.എച്ച്.ആർ. മേഖലയിൽ വനഭൂമി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കാർഡമം ഹിൽ റിസർവിലെ (CHR) കാർഡമം കൃഷി, ജനവാസ മേഖലകൾ തുടങ്ങിയ സാംസ്കാരിക ഭൂപ്രദേശങ്ങളെ ഇ.എസ്.എ-യിൽ നിന്നും ഒഴിവാക്കിയാണ് സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന് 24.09.2026 -ൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രദേശങ്ങൾ റവന്യൂ ഭൂമിയാണ് എന്നാണ് സർക്കാർ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത പ്രദേശങ്ങൾ, 1935-ലെ (ട്രാവൻകൂർ) കാർഡമം ചട്ടങ്ങൾ, 1961-ലെ സർക്കാർ ഭൂമി ഏലകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനുള്ള ചട്ടങ്ങൾ, 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാണെന്നും സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ച പരിഷ്കരിച്ച നിർദ്ദേശത്തിൽ പരാമർശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**